ഉത്തരം

(എ) 30-9-2014-ലെ കാലാവധി അവസാനിക്കുന്ന എല്ലാ റാങ്ക് പട്ടികകളും 31-3-2015 വരെ നീട്ടിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഒഴിവുകൾ നിലവിലില്ല.

(സി) നിലവിൽ 1:35 അനുപാതത്തിൽ ടി തസ്തികയിൽ 4 അദ്ധ്യാപകർ അധികമായി നിലനിൽക്കുന്നു.

(ഡി) ഉണ്ട്. പുനർവിന്യാസിക്കേണ്ട അദ്ധ്യാപകരെ ഇനിയും താൽക്കാലികമായി നിലനിർത്തിയിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകരുടെ പുനർവിന്യാസം തസ്തികകളിൽ ഒഴിവ് വരുന്നമുറയ്ക്ക് പൂർത്തിയാക്കുന്നതും തുടർന്നുവരുന്ന ഒഴിവുകളിൽ നിയമന നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഇ) ഒഴിവ് വരുന്ന മുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

എയ്ഡഡ് പദവി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം

59 (1113) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പിനും ഉന്നത വിദ്യാഭ്യാസ വകുപ്പിനും കീഴിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുതുതായി എയ്ഡഡ് പദവി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ; വകുപ്പ് തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിൽ പുതുതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(സി) എയ്ഡഡ് പദവി നൽകിക്കൊണ്ടും പുതുതായി എയ്ഡഡ് സ്ഥാപനങ്ങൾ അനുവദിച്ചും ഉള്ള സർക്കാർ ഉത്തരവുകൾ വഴി പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly